(ബി) ഉണ്ടെങ്കിൽ സെക്രട്ടറിയേറ്റിലേയും ഡയറക്റേറ്റുകളിലേയും ഉൾപ്പെടെ എല്ലാ ഉദ്യോഗസ്ഥർക്കും പടിപടിയായി "പൊതുജനസമ്പർക്ക പരിശീലനം" നൽകാൻ സർക്കാർ നടപടി സ്വീകരിക്കുമോ ;

(സി) ഇല്ലെങ്കിൽ ജനങ്ങളോട് സൗമനസ്യത്തോടെയും സൗഹാർദ്ധപരമായും ഇടപഴകുന്നതിന് ഉദ്യോഗസ്ഥരെ പ്രാപ്തരാക്കാൻ ആവശ്യമായ പരിശീലന പരിപാടികൾ സംഘടിപ്പിക്കുമോ ?

ഉത്തരം

(എ-സി) ഭരണ നവീകരണ പരിപാടിയുടെ ഭാഗമായി സർക്കാർ ജീവനക്കാർക്ക് പൊതുജന സമ്പർക്കത്തിലുൾപ്പെടെ പരിശീലനം നൽകാൻ സർക്കാർ ആലോചിക്കുന്നുണ്ട്. പൊതുചർച്ചകൾക്കു ശേഷം ആവിഷ്ക്കരിക്കുന്ന വിശദമായ പ്രവർത്തന പദ്ധതിയുടെ അടിസ്ഥാനത്തിലായിരിക്കും ഇക്കാര്യത്തിൽ അന്തിമ തീരുമാനം കൈക്കൊള്ളുന്നത്.

സർക്കാർ ജീവനക്കാരുടെ സമരവും ഡയസ്നോണും

25 (2976) ശ്രീമതി പി. കെ. ശ്രീമതി ടീച്ചർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ :

(എ) ഈ ഗവൺമെന്റ് അധികാരത്തിൽ വന്നതിനുശേഷം വിവിധ ആവശ്യങ്ങളുന്നയിച്ചുകൊണ്ട് സംസ്ഥാന ജീവനക്കാരും അദ്ധ്യാപകരും ആകെ എത്ര ദിവസം പണിമുടക്ക് നടത്തിയിട്ടുണ്ട് ;

(ബി) ഇതിൽ എത്ര ദിവസം ഡയസ്നോൺ ആയി പ്രഖ്യാപിച്ചിട്ടുണ്ട് ;

(സി) ജീവനക്കാരുടെയും അദ്ധ്യാപകരുടെയും പണിമുടക്കിന് ഡയസ്നോൺ പ്രഖ്യാപിക്കുന്നതിന്റെ മാനദണ്ഡമെന്താണ് ;

(ഡി) സംസ്ഥാന ഗവൺമെന്റ് സർവ്വീസിലെ തൊണ്ണൂറ് ശതമാനത്തിലധികം ജീവനക്കാരും പണിമുടക്കിയ 32 ദിവസത്തെ പണിമുടക്കവുമായി ബന്ധപ്പെട്ട് പ്രഖ്യാപിച്ച ഡയസ്നോൺ പിൻവലിക്കുവാൻ ഗവൺമെന്റ് ഉദ്ദേശിക്കുന്നുണ്ടോ എന്ന് വ്യക്തമാക്കാമോ ?

ഉത്തരം

(എ) 36 എണ്ണം.

(ബി) 34 ദിവസം.

(സി) ജോലി ചെയ്യാത്ത ദിവസം ശമ്പളം അനുവദനീയമല്ല എന്ന മാനദണ്ഡമാണ് സ്വീകരിച്ചുവരുന്നത്.

(ഡി) നിർദ്ദേശം പരിഗണനയിലില്ല.

LIBRARY ARCHIVES Kerala Legislative Assembly